പിന്നാക്കസമുദായോദ്ധാരണം.

* 219. [32] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പിന്നാക്കസമുദായോദ്ധാരണത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യ എത്ര ;

(ബി) 1955 മാർച്ച് 30-ാംതീയതി വരെ എന്തു ചെലവായിട്ടുണ്ട് ;

(സി) എന്തെല്ലാം പ്രവർത്തനങ്ങൾക്കുവേണ്ടി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 67 ലക്ഷം രൂപ.

(ബി) 46,95,114 രൂപ 10 അണ ചെലവായി.

(സി) 1. കാർഷികവികസനവും ഗ്രാമോദ്ധാരണവും,
2. ശതാശതസൗകര്യം, 3. വിദ്യാഭ്യാസം,
4. വൈദ്യസഹായം, 5. പൊതുജനാരോഗ്യം,
6. ക്ഷേമപ്രവർത്തനങ്ങൾ, 7. മറ്റുപ്രവർത്തനങ്ങൾ

ഇതൊക്കെയാണ്. ഈ ഇനങ്ങൾക്കുവേണ്ടിയാണ് ചെലവായിട്ടുള്ളതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപു് മിച്ചമുള്ള സംഖ്യകൂടി മുൻപറഞ്ഞ ഇനങ്ങൾക്കുവേണ്ടി ചെലവാക്കാൻ സാധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മിക്കവാറും സാധിക്കുമെന്നാണ് പ്രതീക്ഷ.

മത്സ്യത്തൊഴിലാളി പരസ്പരസഹായസംഘങ്ങൾ.

* 220. [33] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ പിന്നാക്കസമുദായത്തിൽപ്പെട്ട എത്ര മത്സ്യത്തൊഴിലാളി പരസ്പരസഹായസംഘങ്ങൾ ഉണ്ട് ;

(ബി) ഒന്നാംപഞ്ചവത്സരപദ്ധതി നടപ്പിലാക്കിയതിനുശേഷം ഈ സംഘങ്ങൾക്കു് ഗവണ്മെൻറിൽ നിന്നു് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;

(സി) എന്തെല്ലാം ;

(ഡി) തൃശ്ശൂർ ഡിസ്ട്രിക്ടിലെ 6 മത്സ്യത്തൊഴിലാളി സംഘങ്ങൾക്കുകൂടിയായി ഒരു മെമ്മോറാണ്ടം ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) അതിൽ എന്തു നടപടി എടുത്തു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഈ സ്റ്റേറ്റിൽ പിന്നാക്കസമുദായത്തിൽപ്പെട്ട നാൽപത്തിനാലു് മത്സ്യത്തൊഴിലാളിസംഘടനകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കിയതിനശേഷം ഈ സൊസൈറ്റികൾക്ക് പദ്ധതി അനുസരിച്ച് പ്രത്യേകസഹായങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കത്തക്കതല്ല എന്ന് അവരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അവർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പ്രധാനമായി ആവശ്യപ്പെട്ടിരിക്കുന്നത് എന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രധാനമായി ആവശ്യപ്പെട്ടിരിക്കുന്നത് മത്സ്യക്കടപ്പുകൾ ലേലം ചെയ്യാതെ കൺസെഷൻ റേറ്റ് കൊടുക്കണമെന്നാണ്. അങ്ങനെ ചെയ്യുന്നുണ്ട്. ലേലസംഖ്യ പകുതിയാക്കാൻ സാധ്യമല്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇവർക്ക് പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിൽ വേറെ വല്ല സാമ്പത്തികസഹായവും നൽകുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെന്റിൽനിന്നും ലോൺ അനുവദിക്കുന്നുണ്ട്.

ശ്രീ. പി. വി. അവിരാ തരകൻ : ലോൺ അനുവദിച്ചുകൊടുക്കുന്നകാര്യത്തിൽ എന്തു മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അനുവദിച്ചുകൊടുക്കുന്ന ലോൺ മടക്കിക്കൊടുക്കുവാനുള്ള കഴിവുണ്ടോ എന്നു നോക്കുക മാത്രമാണ് ചെയ്യുന്നത്. അങ്ങനെ കഴിവുണ്ടെങ്കിൽ ലോൺ അനുവദിച്ചു കൊടുക്കുന്നതാണ്.

ശ്രീ. പി. നാരായണൻ പോറ്റി : പിന്നാക്കസമുദായങ്ങൾ എന്നു പറഞ്ഞാൽ ഏതെല്ലാം വിഭാഗങ്ങൾ അതിൽ ഉൾപ്പെടുമെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പിന്നോക്കസമുദായങ്ങൾ ആരെല്ലാമാണെന്നുള്ളതിലേയ്ക്ക് ഏകദേശം 30, 35 സമുദായക്കാരെ ചേർത്ത് ഒരു പട്ടിക ഉണ്ടാക്കിയിട്ടുണ്ട്. ആ പട്ടിക നോക്കിയാൽ കാണാവുന്നതാണ്.

ശ്രീ. പി. കെ. ചാത്തൻ : മത്സ്യക്കടപ്പുകൾ ലേലം വിളിക്കുന്നതുകൊണ്ട് പണക്കാരായ ആളുകൾ അതു കൂട്ടുചേർന്നായി കൈവശപ്പെടുത്തുന്നതിനാൽ സാധുക്കളായ മത്സ്യത്തൊഴിലാളികൾ ലേലംവിളി കേൾക്കാത്തതു സാമ്പത്തികസ്ഥിതി ഇല്ലാത്തതുകൊണ്ടാണെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതുകൊണ്ടാണല്ലോ പട്ടികജാതിക്കാർക്ക് ഒരു കൺസെഷണൽ റേറ്റിനു കൊടുക്കുന്നത്.

ശ്രീ. പി. എം. മാക്കോസ് : പട്ടികജാതിക്കാരല്ലാത്ത ആളുകൾക്ക് പഞ്ചവത്സരപദ്ധതിപ്രകാരം മത്സ്യം പിടിക്കുന്നതുസംബന്ധിച്ചു ലോൺ കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയുള്ളവർക്കും അപേക്ഷിച്ചാൽ കൊടുക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly